## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 849 — 08/03/2012-ൽ മറുപടിക്ക്

### നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ.പി.സി. ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ 1983ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരമുള്ള ശിക്ഷാ നടപടികൾ കേരള ചുമട്ടു തൊഴിലാളി ബോർഡ് സ്വീകരിക്കുന്നുണ്ട്. കൂടാതെ നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിച്ചാൽ അസി.ലേബർ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ എന്നിവർ ഇടപ്പെട്ട് അത് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളെയാണ് നോക്കുകൂലി വിമുക്തജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത് ; | (ബി) തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ പരിധിയിൽപ്പെട്ട പ്രദേശങ്ങൾ, എറണാകുളം ജില്ല എന്നിവയെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |

| | |
|---|---|
| (സി) മറ്റ് ജില്ലകളെക്കൂടി നോക്കുകൂലിവിമുക്ത ജില്ലകളായി പ്രഖ്യാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (സി) മറ്റ് ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്വീകരിച്ചു വരികയാണ്. പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 5 നഗര സഭകളെ നോക്കുകൂലി വിമുക്തമാക്കുവാനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. ഇതിൽ തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെ എറണാകുളം ജില്ല എന്നിവിടങ്ങളിൽ ഇതിനോടകം നോക്കുകൂലിവിമുക്ത ജില്ലകളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ